# വിയറ്റ്നാമിലെ
## കുരുമുളക് ഉത്പാദനം

ഡോ. ബി. ശശികുമാർ
പ്രിൻസിപ്പൽ സയന്റിസ്റ്റ് ആൻഡ് ഹെഡ് (റിട്ടയേഡ്), ഐസിഎആർ-ഐഐഎസ്ആർ, കോഴിക്കോട്
എസ്ഇകെഡി ഡി 6, വരദ, കുറുപ്പ്സ് ലെയ്ൻ, ശാസ്തമംഗലം പി.ഒ,, തിരുവനന്തപുരം - 10,
ഇമെയിൽ: sasikumarsooranadu@gmail.com, മൊബൈൽ: 9496178142

പുതിയതായി കുരുമുളക് കൃഷിയിലേയ്ക്ക് വന്നതാണെങ്കിലും ലോകത്തിലെ തന്നെ പ്രമുഖ ഉത്പാദകരും കയറ്റുമതി രാജ്യവുമാണ് വിയറ്റ്നാം. ബിൻഫുവോക്, ഡാക്ക്നോംഗ്, ഡാക്ക് ലാക്, ബാ റിയവുങ് താവു, ഡോങ് നായന്റ് ജിയ ലേയ് എന്നിങ്ങനെ ആറ് പ്രോവിൻസുകളിലാണ് കുരുമുളക് പ്രധാനമായും കൃഷി ചെയ്യുന്നത്. ഇവയിൽ സെൻട്രൽ ഹൈലാൻഡ്, തെക്കുകിഴക്കൻ പ്രദേശങ്ങൾ എന്നിവ വിസ്തൃതിയുടെ കാര്യത്തിലും ഉത്പാദനത്തിന്റെ കാര്യത്തിലും മുന്നിലാണ്. ഫു കുവോക്, കീൻജിയാംഗ് എന്നിവിടങ്ങളിലും കുരുമുളക് കൃഷി ചെയ്യുന്നുണ്ട്.

**ലോകത്തിലെ തന്നെ പ്രമുഖ കുരുമുളക് ഉത്പാദകരും കയറ്റുമതി രാജ്യവുമാണ് വിയറ്റ്നാം. ബിൻഫുവോക്, ഡാക്ക്നോംഗ്, ഡാക്ക് ലാക്, ബാ റിയവുങ് താവു, ഡോങ് നായന്റ് ജിയ ലേയ് എന്നിങ്ങനെ ആറ് പ്രോവിൻസുകളിലാണ് കുരുമുളക് പ്രധാനമായും കൃഷി ചെയ്യുന്നത്. ആഗോളതലത്തിലെ ഉത്പാദനത്തിന്റെ 40 ശതമാനവും ആഗോള കയറ്റുമതിയുടെ 60 ശതമാനവും ഈ രാജ്യത്തുനിന്നാണ്.**

കഴിഞ്ഞ ഒരു നൂറ്റാണ്ടിനുള്ളിൽ വിയറ്റ്നാമിലെ കുരുമുളക് ഉത്പാദനം ഇരട്ടിയായി. ആഗോളതലത്തിലെ ഉത്പാദനത്തിന്റെ 40 ശതമാനവും ആഗോള കയറ്റുമതിയുടെ 60 ശതമാനവും ഈ രാജ്യത്തുനിന്നാണ്. ആകെ 1,05,000 ഹെക്ടറിൽനിന്നുമായി ഒരു വർഷത്തിൽ 1,85,000 മെട്രിക് ടൺ കുരുമുളകാണ് ഇവിടെ ഉത്പാദിപ്പിക്കുന്നത്. 2016-ൽ 1.43 ബില്യൺ അമേരിക്കൻ ഡോളർ വില വരുന്ന 179,233 മെട്രിക് ടൺ കുരുമുളകാണ് വിയറ്റ്നാം കയറ്റിയയച്ചത്.



പതിമൂന്ന് മാസം പ്രായമായ കുരുമുളക് തോട്ടം. കോൺക്രീറ്റ് തൂണുകളിലാണ് കുരുമുളക് പടർത്തിയിരിക്കുന്നത്

കംബോഡിയയിൽനിന്നുള്ള ഉത്പന്നങ്ങളും നിയമവിരുദ്ധമായി വിയറ്റ്നാമിലേയ്ക്ക് കൊണ്ടുവന്ന് വിയറ്റ്നാം കുരുമുളക് എന്ന പേരിൽ വിൽപ്പന നടത്തുന്നുണ്ടെന്ന് പറയപ്പെടുന്നു.

കഴിഞ്ഞ 15-20 വർഷമായി ഏകവിളയായാണ് കുരുമുളക് കൃഷി ചെയ്യുന്നത്. പൊള്ളയായ കോൺക്രീറ്റ് തൂണുകളും വെട്ടിയെടുത്ത മരക്കാലുകളും സുബാബൂൾ (ലൂസീനിയ ലൂക്കോസിഫാല), സിൽക്ക് കോട്ടൺ (സീബ പെന്റാൻട്ര), കൊന്ന പോലെയുള്ള താങ്ങുമരങ്ങളും

കൃഷിക്കായി ഉപയോഗിക്കുന്നു. മൂന്നു പർവങ്ങളുള്ള വേരുപിടിപ്പിച്ച കണ്ണിത്തലകളാണ് നടീൽ വസ്തുക്കളായി ഉപയോഗിക്കുന്നത്. ചില കർഷകർ ചെന്തലകളും ഉപയോഗിക്കാറുണ്ട്. വിൻ ലിൻ എന്നതാണ് പ്രധാന ഇനം. ലോക് നിൻ, മ്രക് ബെ, മലേഷ്യൻ എന്നിവയാണ് മറ്റ് ഇനങ്ങൾ. പന്നിയൂർ-1 ഇനത്തോട് സാമ്യമുള്ളതാണ് മലേഷ്യൻ.

അടുത്തടുത്ത് കൃഷി ചെയ്ത് അധികമായി വളവും വെള്ളവും നല്കി പരിപാലിക്കുന്നത രീതിയാണ് വിയറ്റ്നാമിലേത്. ചില സ്ഥലങ്ങളിൽ പുതിയതായി നട്ട തോട്ടങ്ങൾ അപ്പാടെ കനം കുറഞ്ഞ തണൽവലകൾ കൊണ്ട് സംരക്ഷണം നല്കിയിരിക്കുന്നത് കാണാം.

മാർച്ച് മുതൽ ജൂൺ വരെയാണ് കുരുമുളകിന്റെ വിളവെടുപ്പുകാലം. ഹെക്ടർ ഒന്നിന് ശരാശരി മൂന്ന് ടൺ വരെ ഉണങ്ങിയ കുരുമുളക് ലഭിക്കുന്നു. ഹെക്ടർ ഒന്നിന് 1800 താങ്ങുകാലുകൾ വരെ നട്ടിരിക്കുന്ന ചില കർഷകർക്ക് ഹെക്ടറിന് പത്ത് ടൺ വരെ വിളവ് ലഭിക്കുന്നുണ്ട്. പച്ചക്കുരുമുളക് ഉണക്കുമ്പോൾ 40 ശതമാനം വരെ ഉണക്കക്കുരുമുളകാണ് ലഭിക്കുന്നത്. കുരുമുളക് അപ്പാടെയും ചതച്ചെടുത്തും കുറെയൊക്കെ വെള്ളക്കുരുമുളക് ആക്കിയുമാണ് വിൽപ്പന. കർഷക സഹകരണസംഘത്തിലെത്തിച്ച് ഇടനിലക്കാർക്ക് വിൽക്കുകയും അവർ വൻ സംഭരണകമ്പനികളുടെ ഏജന്റുമാർക്ക് വിൽക്കുകയുമാണ് ചെയ്യുന്നത്.

വേരുചീയൽ, വിരകൾ, വൈറസുകൾ എന്നിവയാണ് വിയറ്റ്നാമിലെ കുരുമുളക് കൃഷിയെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ. അശാസ്ത്രീയമായ വളപ്രയോഗവും ചില ആശങ്കകളുണ്ടാക്കുന്നുണ്ട്. ഉത്പാദനം വർദ്ധിക്കുന്നതിനുള്ള പ്രധാന കാരണം ഉയർന്ന വില തന്നെയാണ്.

# ആഹാർ ചെന്നൈ 2018-ൽ

## സ്പൈസസ് ബോർഡ് പങ്കെടുത്തു



ആഹാർ ചെന്നൈ 2018 – ലെ സ്പൈസസ് ബോർഡ് സ്റ്റാൾ സ്പൈസസ് ബോർഡ് സെക്രട്ടറി ഡോ. എം.കെ. ഷൺമുഖ സുന്ദരം ഐഎഎസ് ഉദ്ഘാടനം ചെയ്യുന്നു

ഇന്ത്യൻ ട്രേഡ് പ്രമോഷൻ ഓർഗനൈസേഷനും (ഐടിപിഒ) തമിഴ്നാട് ട്രേഡ് പ്രമോഷൻ ഓർഗനൈസേഷനും (ടിഎൻടിപിഒ) ചേർന്ന് സംഘടിപ്പിച്ച ആഹാർ ചെന്നൈ 2018-ൽ സ്പൈസസ് ബോർഡ് മികച്ച സാന്നിദ്ധ്യമായി. ഐടിപിഒയുടെയും തമിഴ്നാട് സർക്കാർ സ്ഥാപനമായ ടിഡ്കോയുടെയും സംയുക്ത സംരംഭമാണ് ടിഎൻടിപിഒ. ചെന്നൈ ട്രേഡ് സെന്ററിൽ ഓഗസ്റ്റ് 23 മുതൽ 25 വരെയായിരുന്നു പ്രദർശനം.

കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ വകുപ്പിന്റെയും എപിഇഡിഎയുടെയും പിന്തുണയോടെ സംഘടിപ്പിച്ച മേളയിലെ സ്പൈസസ് ബോർഡിന്റെ സ്റ്റാൾ സെക്രട്ടറി ഡോ. എം.കെ. ഷൺമുഖ സുന്ദരം ഐഎഎസ് ഉദ്ഘാടനം ചെയ്തു. സ്പൈസസ് ബോർഡിന്റെ ചെന്നൈ പ്രാദേശിക ഓഫീസിലെ ഉദ്യോഗസ്ഥരും മേളയിലെ സഹപങ്കാളികളുടെ പ്രതിനിധികളും ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. ബോർഡിനൊപ്പം മേളയിൽ എഫ്എസ്ടിഎൽ പങ്കെടുത്തു. എഫ്എസ്ടിഎലിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങളും സുഗന്ധവ്യഞ്ജന സാംപിളുകളും മേളയിൽ പ്രദർശിപ്പിച്ചിരുന്നു.

കേരളത്തിൽനിന്നും കൊങ്കൺ മേഖലയിൽനിന്നുമുള്ള കർഷകർ മേളയിൽ പങ്കെടുത്തു. ജൈവകുരുമുളക്, ജാതി, ഗ്രാമ്പു, കുടംപുളി, ജീരകം, പെരുംജീരകം തുടങ്ങിയ കർഷക ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കിയിരുന്നു.